**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 1448** | **11/08/2017-ൽ മറുപടിയ്ക്ക്**

# 'ലൈഫ്' സമ്പൂർണ്ണ പാർപ്പിട പദ്ധതി

| ചോദ്യം<br>ശ്രീ. കെ.മുരളീധരൻ<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, അനിൽ അക്കര | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ 'ലൈഫിന്' തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സ്വന്തമായി ഭൂമിയുള്ളവരും ഇല്ലാത്തവരുമായ എല്ലാ ഭവനരഹിതർക്കും മാന്യവും വാസയോഗ്യവുമായ ഭവനം സ്വന്തമായി നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് "ലൈഫ് - സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി". സാധാരണ പാർപ്പിട പദ്ധതികളുടെ എല്ലാ കുറവുകളും നികത്തി, സാധാരണ പാർപ്പിട പദ്ധതികൾ കണ്ടെത്താൻ വിട്ടുപോകുന്ന ഏറ്റവും സാധാരണക്കാരനും ഏറ്റവും അർഹനുമായ ഗുണഭോക്താവിനെ തെരഞ്ഞു കണ്ടെത്തി, ഭവനം എന്നതിനപ്പുറം ജീവിതോപാധിയ്ക്ക് കൂടി സൗകര്യം നല്കുകയും സാമ്പത്തിക സേവനങ്ങളും സാമൂഹിക ക്ഷേമ പദ്ധതികളുടെ പ്രയോജനവും ലഭ്യമാക്കുക എന്നതാണ് ലൈഫ് മിഷന്റെ ലക്ഷ്യം.<br>ലൈഫ് മിഷന്റെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത് നാലു വിഭാഗങ്ങളിൽപ്പെട്ടവരെയാണ്.<br>1. ഭൂമിയുള്ള ഭവനരഹിതർ<br>2. സർക്കാർ പദ്ധതികളിൽപ്പെടുത്തി ഭവന നിർമ്മാണത്തിന് സഹായധനം അനുവദിച്ചെങ്കിലും പൂർത്തിയാകാത്തതോ, നിലവിലുള്ള ഭവനം വാസയോഗ്യമല്ലാത്തതോ ആയ ഗുണഭോക്താക്കൾ.<br>3. പുറമ്പോക്കിലോ, തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താൽക്കാലിക ഭവനം |

ഉള്ളവർ

**4.** ഭൂരഹിത ഭവനരഹിതർ

ഇതിൽ,

- മാനസിക വെല്ലുവിളി നേരിടുന്നവർ/ അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ
- അഗതികൾ
- 40%-ത്തിന് മേൽ അംഗവൈകല്യമുള്ളവർ
- ഭിന്നലിംഗക്കാർ
- ഗുരുതരമാരകരോഗങ്ങളുള്ളവർ
- അവിവാഹിതരായ അമ്മമാർ
- രോഗം/അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
- വിധവകൾ
- HIV ബാധിതർ

എന്നിവർ ഉൾപ്പെട്ട കുടുംബങ്ങൾക്ക് അവരുടെ ക്ലേശഘടകങ്ങൾ പരിശോധിച്ച് മുൻഗണന നൽകുന്നതാണ്.

വിവിധ ഭവനനിർമ്മാണ പദ്ധതികളിൽ ധനസഹായം ലഭിച്ച് പണി ആരംഭിച്ച് വിവിധ കാരണങ്ങളാൽ പൂർത്തീകരിക്കാത്ത ഭവനങ്ങൾ ഉള്ള ഗുണഭോക്താക്കൾക്ക് സാമ്പത്തിക സഹായം നൽകി ഗുണഭോക്താക്കൾ നേരിട്ടോ അതിന് കഴിയാത്തവർക്ക് ഏജൻസി മുഖേനയോ നിർമ്മാണം പൂർത്തീകരിക്കുന്നതാണ്. ഭൂരഹിത-ഭവനരഹിതർക്ക് എല്ലാവിധ സാമൂഹിക പശ്ചാത്തല സൗകര്യത്തോടും ജീവനോപാധി യോടും കൂടിയ ഭവനസമുച്ചയം/ ക്ലസ്റ്ററുകൾ നിർമ്മിച്ച് നൽകും. ഭൂമിയുള്ളവർക്ക് സാമ്പത്തിക സഹായം നൽകി വ്യക്തിഗത ഭവനനിർമ്മാണം നടത്തുന്നതാണ്. വാസയോഗ്യമല്ലാത്ത ഭവനങ്ങൾ ഉള്ള ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കൽ, അതിന്റെ നിർവഹണം എന്നിവക്കുള്ള നിർദ്ദേശങ്ങൾ പിന്നീട് പുറപ്പെടുവിക്കുന്ന-

| | | | |
|---|---|---|---|
| | | | താണ്. ഇതിനായുള്ള സർവ്വേനടപടികൾ പൂർത്തിയാക്കി കരട് ഉപഭോക്തൃ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് 2017 സെപ്റ്റംബർ 25 ന് അന്തിമലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. |
| (ബി) | ഉയർന്ന ജീവിതസാഹചര്യവും ജീവനോപാധിയും ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതി യിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | ഭവനം എന്നതിനപ്പുറം ജീവിതോപാധിയ്ക്ക് കൂടി സൗകര്യം നല്കുകയും സാമ്പത്തിക സേവനങ്ങളും സാമൂഹിക ക്ഷേമ പദ്ധതികളുടെ പ്രയോജനവും ലഭ്യമാക്കുക എന്നതാണ് ലൈഫ് മിഷന്റെ ലക്ഷ്യം. ഗുണഭോക്താക്കളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി ഓരോ കുടുംബത്തിൽ നിന്നും കുറഞ്ഞത് ഒരാൾക്കെങ്കിലും തൊഴിൽ നൈപുണ്യ പരിശീലനം നൽകി ജീവനോപാധി കണ്ടെത്തുന്ന-തിന് പ്രാപ്തനാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എല്ലാവിധ സാമൂഹിക പശ്ചാത്തല സൗകര്യത്തോടും ജീവനോപാ-ധിയോടും കൂടിയ ഭവനസമുച്ചയം/ക്ലസ്റ്ററുകൾ നിർമ്മിച്ച് നൽകുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) | പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (സി) | ഇതിനായുള്ള സർവ്വേനടപടികൾ പൂർത്തിയാക്കി കരട് ഉപഭോക്തൃ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് 2017 സെപ്റ്റംബർ 25 ന് അന്തിമലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ